# ഏകാകിനിയുടെ സാഹസ യാത്രകൾ
------------------------------------------------------------
(കെ.സരസ്വതിയമ്മയുടെ കഥകളുടെ ഒരു സമഗ്രവലോകനം)

ആർ.എസ് .കുറുപ്പ്
------------------------------

1919 ലാണ് സരസ്വതീയമ്മ ജനിച്ചത്. 1925ഇൽ തിരുവിതാംകൂർ നായർ റെഗുലേഷൻ പാസായി.ആളോഹരി സമ്പ്രദായം നിലവിൽ വന്നു .മാതൃദായപ്രകാരമുള്ള കുടുംബാങ്ങൾക്കെല്ലാം സ്വത്തിൽ തുല്യ അവകാശം . പുരുഷനായ കുടുംബാംഗത്തിന്റെ മക്കൾ കുടുംബാംഗങ്ങളായി കണക്കാക്കപ്പെടുകയില്ല .സ്ത്രീയായ അംഗത്തിന്റെ മക്കൾ കുടുംബാംഗങ്ങളും അതുകൊണ്ട് സ്വത്തിൽ അവകാശികളുമായിരിക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭാഗം വെപ്പ് സാധാരണമായതോടെ സമ്പന്ന കുടുംബങ്ങളിലെ പുരുഷപ്രജകൾ പലരും ദരിദ്രരായി മാറി .കാരണം ആളോഹരി തീരെ ചെറിയതായിരിക്കും ധാരാളം അംഗങ്ങളുള്ള കുടുംബത്തിൽ. .പുരുഷന് ഒരു വീതമല്ലേയുള്ളു ...തിരുവിതാംകൂറിൽ തറവാടുകൾ അമ്മാവൻറെ ആധിപത്യത്തിൽ നിന്നും മോചനം നേടി അച്ഛൻറെ അധിപത്യത്തിൽ ആയി .അമ്മാവൻറെ ആധിപത്യവും പുരുഷമേധാവിത്ത്വം തന്നെയായിരുന്നു . പുതിയ വ്യവസ്ഥ പ്രത്യേകം പറയേണ്ടല്ലോ.

ആധിപത്യം അച്ഛനിലേക്ക് മാറി എന്നത് മാത്രമായിരുന്നില്ല പുതിയ വ്യവസ്ഥയുടെ സവിശേഷത. കൂട്ടുകുടുംബ വ്യവസ്ഥ ഏതാണ്ട് അസ്തമിച്ചു. അച്ഛൻ അമ്മ മക്കൾ എന്ന പിൽക്കാലത്തെ അണു കുടുംബത്തിൻറെ ആദ്യരൂപം നിലവിൽ വന്നു. പെൺകുട്ടികളുടെ കെട്ടുകല്യാണം എന്ന- കുഞ്ഞായിരിക്കുമ്പോൾ തന്നെ ഏതെങ്കിലും ബ്രാഹ്മണനെ കൊണ്ട് താലികെട്ടിക്കുന്ന ഏർപ്പാട്- തീർത്തും ഇല്ലാതായി. കെട്ടു കല്യാണത്തിന് സേകം നിർബന്ധമായിരുന്നു എന്ന വസ്തുത പലർക്കും അറിഞ്ഞുകൂടാ.. . ആ സമ്പ്രദായം ഇല്ലാതായപ്പോൾ പെൺകുട്ടികളെ ചെറുപ്രായത്തിൽ തന്നെ കല്യാണം കഴിപ്പിക്കുക എന്ന ഏർപ്പാട് നിലവിൽ വന്നു .ഋതുമതി ആയാൽ ഉടൻ. കാരണം കന്നി അഴിയുക എന്നുവച്ചാൽ കന്യക അല്ലാതാവുക എന്ന കർമ്മം ചെയ്തില്ലെങ്കിൽ പാപം കിട്ടുന്ന ഒന്നായി കരുതപ്പെട്ടു. എന്തായാലും പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകപ്പെട്ടു കുറച്ചു പെൺകുട്ടികൾ എങ്കിലും ഹൈസ്കൂളിലും കോളേജിലും ഒക്കെ പോയി. അവരിൽ ഒരാളാണ് സരസ്വതി അമ്മ.

പുതിയ സമ്പ്രദായം പിന്നീട് നിലവിൽ വന്ന വിവാഹ കമ്പോളത്തിന് ബീജാവാപം നടത്തി. കുടുംബ സ്വത്തിന്റെ വീതത്തിനൊപ്പം പണം കൂടി കൊടുത്ത് വരനെ കണ്ടെത്തുന്ന സമ്പ്രദായം- സ്ത്രീധനം എന്ന ഹിന്ദു സമൂഹത്തിൽ കേട്ടുകേൾവി ഇല്ലാതിരുന്ന സാമൂഹ്യ ദോഷം നിലവിൽ വന്നു.ആളോഹരി ദരിദ്രരാക്കിയ യുവാക്കൾ ഒരാവകാശം പോലെ സ്ത്രീധനം ആവശ്യപ്പെടാൻ തുടങ്ങിയിരിക്കണം . നാട്ടിൽ മുറപ്പെണ്ണിനോ അയൽക്കാരിക്കോ വിവാഹം പറഞ്ഞു വച്ചിരുന്ന ചെറുപ്പക്കാരൻ പഠിക്കാൻ

പട്ടണത്തിൽ എത്തുമ്പോൾ പണവും ഉദ്യോഗവും മറ്റുമായി അയാളെ സ്വാധീനിച്ച് സ്വന്തമാക്കാൻ ആളുകൾ ഉണ്ടായി.

അതൊരു സ്ത്രീ മുന്നേറ്റത്തിന്റെ കൂടി കാലമായിരുന്നു. സ്ത്രീകളിൽ നിന്ന് വക്കീലന്മാരും ഡോക്ടർമാരും എഴുത്തുകാരും രാഷ്ട്രീയ പ്രവർത്തകരും മറ്റുമുണ്ടായി തുടങ്ങിയ കാലം. വടക്കുനിന്ന് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന കാഹളം മുഴങ്ങി  കഴിഞ്ഞിരുന്നു. തെക്ക് സ്ത്രീക്ക് ദേവതയാവണ്ട അഭിമാനമുള്ള മനുഷ്യസ്ത്രീ ആയാൽ മതി എന്ന് അന്ന ചാണ്ടിയെ പോലുള്ളവർ പ്രസംഗിച്ചു തുടങ്ങിയിരുന്നു. തൊട്ടുകൂടാത്തവർ എന്ന് മാറ്റി നിർത്തിയിരുന്നവരെ പള്ളിക്കൂടത്തിൽ ചേർക്കാൻ അയ്യങ്കാളി നടത്തിയ സാഹസിക ഉദ്യമങ്ങളുടെ അനുരണനങ്ങൾ അന്തരീക്ഷത്തിൽ അപ്പോഴും നിലനിന്നിരുന്നു. ജാതി വ്യവസ്ഥ ശക്തിയോടെ നിലനിന്നിരുന്നു. എന്നാൽ വൈക്കം സത്യാഗ്രഹം, ഗാന്ധിജിയുടെ സന്ദർശനം, ക്ഷേത്രപ്രവേശനം, സ്വയംഭരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ഇവയൊക്കെ വിദ്യാഭ്യാസം കിട്ടിവരുന്ന യുവജനങ്ങളെ സ്വാധീനിച്ചിരുന്നു. ഈ സമൂഹമാണ് സരസ്വതിയമ്മയുടെ കഥകളുടെ പശ്ചാത്തലം. സ്ഥലം തിരുവനന്തപുരം പരിസരവും

സ്ത്രീകളുടെ ദൈനംദിന ജീവിതമാണ് അവരുടെ കഥകളുടെ പ്രമേയം.., പ്രത്യേകിച്ചും ഇടത്തരക്കാരായ സ്ത്രീകളുടെ, പ്രത്യേകം പറയേണ്ടല്ലോ അവരോട് ഇടപെടേണ്ടി വരുന്ന പുരുഷന്മാരുടെയും കുട്ടികളുടെയും. തകഴിയും കേശവദേവും കാരൂരും ഒക്കെ സ്ത്രീകളെ കുറിച്ച് കഥകൾ എഴുതിയിട്ടുണ്ടല്ലോ. പക്ഷേ  സരസ്വതി അമ്മയുടെ കഥകളിൽ സ്ത്രീയുടെ കാഴ്ചപ്പാടിലൂടെയാണ് ജീവിതം പ്രതിനിധാനം ചെയ്യപ്പെടുന്നത്. സ്ത്രീപുരുഷ ബന്ധങ്ങളിൽ പുരുഷന്റെ ഭാഗത്തു നിന്നുണ്ടാകുന്ന പാരുഷ്യം അവർ കൂടുതൽ പ്രാധാന്യത്തോടെ പ്രതിപാദിക്കുന്നു. അതുകൊണ്ടാവാം പുരുഷ വിദ്വേഷി എന്നൊരു പേർ അവർക്ക് കിട്ടിയത്. കഥകളുടെ ഉള്ളടക്കത്തേക്കാൾ സരസ്വതിയമ്മയുടെ തന്റേടവും തൻപോരിമയും   സാഹിത്യകാരന്മാർ കൂടിയായ അവരുടെ പുരുഷ സുഹൃത്തുക്കളുടെ അനിഷ്ടത്തിന് കാരണമായതായി തോന്നുന്നു .അത് കൊണ്ടാവാം  അവരുടെ കഥകളെ വിലകുറച്ച് കാണാനുള്ള പ്രവണത അക്കാലത്ത്  തന്നെ തുടങ്ങിയിരുന്നു . അതായിരിക്കണം  "ചോല മരങ്ങളും" 'അച്ഛനെവിടെ"യും 'പൊന്നുംകുട'വും പോലുള്ള ഉൽകൃഷ്ട രചനകൾ നടത്തിയ അവരുടെ പേര് മലയാളത്തിലെ എക്കാലത്തെയും മികച്ച എഴുത്തുകാരുടെ പട്ടികയിൽ നിന്ന് അപ്രത്യക്ഷമാവാൻ കാരണം.

ഈ കാരണങ്ങളെപ്പറ്റി  അന്വേഷിക്കുന്നതിന് മുമ്പ് സരസ്വതിയമ്മയുടെ  രചനാരീതിയെക്കുറിച്ച്, ആഖ്യാനശൈലിയെക്കുറിച്ച് പറയാതെ മുന്നോട്ടു പോകാൻ കഴിയില്ല. ബോധധാരാ സമ്പ്രദായം അന്ന്  നിലവിൽ വന്നിരുന്നില്ല പക്ഷേ അക്കാലത്തും ചെറുകഥ മുഖ്യമായും ഒരു കഥാപാത്രത്തിന്റെ  ചിന്താധാരകളിലൂടെ, അല്ലെങ്കിൽ അയാളെ കുറിച്ചുള്ള കഥാകൃത്തിന്റെ വിവരണങ്ങളിലൂടെ ആണ് വികസിച്ചു വന്നിരുന്നത്. അതിൽ വ്യത്യസ്തമായി രണ്ടോ അതിലധികം കഥാപാത്രങ്ങളുടെ സംവാദത്തിലൂടെയാണ് സരസ്വതിയമ്മയുടെ  കഥകൾ

രൂപം കൊണ്ടിരുന്നത്. പിന്നീട് വന്ന പത്മനാഭൻ എം ടി കാലഘട്ടത്തിലെ കാവ്യാത്മകത അന്നത്തെ കഥനഭാഷയിൽ ഉണ്ടായിരുന്നില്ല. പക്ഷേ അങ്ങോട്ടുള്ള പ്രയാണം സൂചിതമായിരുന്നു. പക്ഷേ സരസ്വതി അമ്മ ലിറിസിസത്തെ പാടെ നിഷേധിച്ചു. മനപ്പൂർവ്വം മാർദവം കളഞ്ഞ ഭാഷ എന്നാണ് പ്രൊഫസർ എൻ കൃഷ്ണപിള്ള തൻറെ 'കൈരളിയുടെ കഥ' എന്ന സാഹിത്യചരിത്രത്തിൽ സരസ്വതി അമ്മയുടെ കഥന ഭാഷയെ ശരിയായി തന്നെ വിശേഷിപ്പിക്കുന്നത്. ഒരു കാര്യം കൂടി എടുത്തു പറയേണ്ടതുണ്ട്. വിഷയം ഏതായാലും സഹജമായ നർമ്മ രസം കഥനത്തിൽ ഉടനീളം ഉണ്ടാവും

ഇവിടെ ചെറുകഥയെ ആസ്വാദനീയമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നു  പരിശോധിക്കുന്നത് സംഗതമാണെന്നു തോന്നുന്നു .'ഭാവനയുടെ സാന്ദ്രീകരണമാണ് വിശദമാക്കൽ അല്ല ചെറുകഥ' എന്ന പ്രശസ്ത അമേരിക്കൻ ചെറുകഥാ വിമർശകനും ദ ഓക്സ്ഫോർഡ്  ബുക്ക് ഓഫ്  അമേരിക്കൻ ഷോർട്സ്റ്റോറീസിന്റെ  എഡിറ്ററുമായ ജോയ്സ് കാറൽ ഓട്ലിന്റെ അഭിപ്രായം ഒരു ആരംഭ ബിന്ദുവായെടുക്കാം .ഈ സാന്ദ്രീകരണം ഫലപ്രദമാവണവെങ്കിൽ ,എന്ന് പറഞ്ഞാൽ  ഒരു ഗദ്യരചന ചെറുകഥയാണെന്നു നിർണയിക്കപ്പെടണമെങ്കിൽ പാത്രധർമ്മങ്ങൾ ക്രിയകളിലൂടെ സാക്ഷാൽക്കരിക്കപ്പെടുന്നതായി വായനക്കാരന് അനുഭവ വേദ്യമാവണം.അതായത്  വായിക്കുന്ന കൃതിയിൽ നിന്ന് ആസ്വാദനീയമായ  ഒരു ചെറുകഥ വായനക്കാരന് മനസ്സിൽ നിർമ്മിക്കാൻ കഴിയണം . അങ്ങനെ വായനക്കാരൻ വായനയിലൂടെ മനസ്സിൽ നിർമ്മിക്കുന്ന കഥയിലാണ് അയാൾ സൗന്ദര്യം ,ചെറുകഥയുടെ സവിശേഷ ഗുണമായി യുഡറോ വെൽറ്റി വിശേഷിപ്പിച്ച 'കാവ്യസാന്ദ്രത ',അന്വേഷിക്കുന്നത് . പരുക്കൻ ഭാഷയിലുള്ള രചനകളിൽ നിന്നും ഇത്തരം സൗന്ദര്യാത്മക സൃഷ്ടികൾ മലയാളവായനക്കാർ കണ്ടെടിത്തിട്ടുണ്ട് .നേരത്തെ സൂചിപ്പിച്ച ഓട്ടുരുളിയും മരപ്പാവയും മറ്റും .ചോലമരങ്ങളും കീഴ്ജീവനക്കാരിയും പൊന്നിന്കുടവുമെല്ലാം അങ്ങനെ വായനക്കാരെ ആഹ്ളാദിപ്പിച്ചിട്ടുള്ളതാണ് .

ആദ്യകാല  കഥയായ ' രമണി 'തന്നെ നോക്കാം.  സരസ്വതിയമ്മയുടെ പല  കഥക,ളിലും അവരുടെ തന്നെ പ്രതിനിധിയായിപ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമുണ്ട് ,ശാന്തി. കോളേജ് വിദ്യാർഥിനിയാണ്. ധനികയായ സുഷമ എന്ന സഹപാഠിയുമായി ശാന്തി നടത്തുന്ന രമണനെ വിമർശിച്ചു കൊണ്ടുള്ള സംഭാഷണം ആണ് കഥയുടെ തുടക്കത്തിൽ .കഥാകൃത്ത് എന്ന നിലയിലും വായനക്കാരി എന്ന നിലയിലും രമണൻ എന്ന കാവ്യത്തിന്റെ ഒരു വിമർശകയായിരുന്നു സരസ്വതി അമ്മ. രമണൻ നല്ല കാവ്യമല്ലാത്തതുകൊണ്ടല്ല. ചന്ദ്രികയുടെ മനസ്സു  കാണാതെ കാമുകീകാമുക ബന്ധത്തെ ,സ്ത്രീപുരുഷബന്ധത്തെ തന്നെഏകപക്ഷീയമായി  ആ കാവ്യത്തിൽ  കവി കൈകാര്യം ചെയ്തിരിക്കുന്ന  രീതി ശരിയായില്ല എന്ന് സരസ്വതി അമ്മയ്ക്ക് അഭിപ്രായം ഉണ്ടായിരുന്നു എന്ന് തോന്നുന്നു. എന്തായാലും സരസ്വതി അമ്മയുടെ കഥകളിൽ  രമണനിലെ ഭഗ്നപ്രണയം, നായകന്റെ കർമ്മഭീരുത്വം, നായികയുടെ പ്രണയവഞ്ചന,

അവസരോചിതമായി ഇടപെടുന്നതിൽ നായകൻറെ സ്നേഹിതന് ഉണ്ടായ വീഴ്ച ഒക്കെ ചർച്ചാവിഷയമാകുന്നുണ്ട് . അവസാനം സൂക്ഷമ പറയുന്നു അവൾ പ്രണയ വഞ്ചനയുടെ ഇരയാണെന്ന്. അവൾ തൻറെ വീടിനടുത്ത് വാടകയ്ക്ക് താമസിക്കാൻ വന്ന അന്യമതസ്ഥനായ ഒരു യുവാവുമായി പ്രണയത്തിലായി. അയാളിൽ നിന്ന് ഗർഭിണിയായി. ഒടുവിൽ അയാൾ പറഞ്ഞു മനപ്പൂർവം ചെയ്തതാണെന്ന്. തൻറെ പെങ്ങളെ ഹിന്ദുവായ ഒരാൾ പ്രണയിച്ച് വഞ്ചിച്ചു. അതിനു പ്രതികാരമായി പണക്കാരിയായ ഒരു ഹിന്ദു യുവതിയെ താനും പ്രണയിച്ചു ഗർഭിണിയാക്കി. സുഷമയുടെ വീട്ടുകാർ അവളെ അമ്മയെ കൂട്ടി പരദേശത്ത് അയച്ചു അവൾ പ്രസവിച്ച കുട്ടി അമ്മയുടെ വൈകിയുള്ള കുട്ടിയാണ് എന്ന് ലോകരെ തെറ്റിദ്ധരിപ്പിച്ച് അവളുടെ മാനം രക്ഷിച്ചു. എറണാകുളത്തുനിന്ന് തിരുവനന്തപുരത്ത് പഠിക്കാനായച്ചു.

ഇതിലെ വില്ലനായ ക്രിസ്ത്യാനി യുവാവ് അയാൾക്ക് പഠിക്കാൻ പണം കൊടുത്ത അയൽക്കാരനായ മുതലാളിയുടെ മകളെ വിവാഹം കഴിച്ചു. അയാൾ നീചനാണെന്നകാര്യത്തിൽ സംശയം ഒന്നുമില്ല. പക്ഷേ അയാൾ പുരുഷ വർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്നില്ല. കഥയിൽ പ്രത്യക്ഷപ്പെടുന്ന മറ്റു പുരുഷന്മാർ ഒക്കെ സഹഭാവ പൂർണമായാണ് സുഷമയോട് പെരുമാറുന്നത്.അവളുടെ ഭാവി സുരക്ഷിതമാക്കാൻ ദൂരെ തിരുവനന്തപുരത്ത് പഠിക്കാനായക്കുന്നു .അവളുടെ കുഞ്ഞിനെ അമ്മയുടെ കുഞ്ഞായി വളർത്തുന്നു . അതുകൊണ്ട് ഈ കഥയുടെ രചയിതാവിനെ പുരുഷവിദ്വേഷി എന്ന് വിളിക്കുന്നതിൽ അർത്ഥമൊന്നുമില്ല.(മറ്റേതെങ്കിലും നവോത്ഥാന കഥാകൃത്തായിരുന്നെങ്കിൽ യഥാതഥ വാദത്തിന്റെ പേരിൽ ആ കുഞ്ഞിനേയും തള്ളയെയും കൊല്ലാക്കൊല ചെയ്യുമായിരുന്നില്ലേ! )

പുരുഷവിദ്വേഷി എന്ന പേർ പേർ സരസ്വതി അമ്മയ്ക്ക് നേടിക്കൊടുത്ത മറ്റൊരു പ്രസിദ്ധ കഥയാണ് സ്ത്രീജന്മം. ഇതിലും ശാന്തി കഥാപാത്രമാണ്. കഥാനായികയായ മാലതി ശാന്തിയെ തിരുവനന്തപുരത്തു നിന്നും കഴക്കൂട്ടത്തുള്ള തൻറെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. യാത്രക്കിടയിൽ കണ്ടുമുട്ടുന്നവർ വീട്ടിൽ വിരുന്നു വരുന്നവർ ഒക്കെ കഥാപാത്രങ്ങൾ ആകുന്നു. ഒരു ഉദ്ദീപന വിഭാവം പോലെ അയൽപക്കത്തുകാരായ നവ വധൂവരന്മാർക്ക് നൽകുന്ന വിരുന്ന് ഇതിൽ വർണിക്കപ്പെടുന്നു. സ്ത്രീപുരുഷബന്ധത്തെക്കുറിച്ച് പ്രത്യേകിച്ച് പ്രേമിച്ചു വഞ്ചിക്കുന്ന പുരുഷന്മാരെ കുറിച്ച് ആയിരുന്നു മാലതിക്ക് പറയാനുണ്ടായിരുന്നത്. ഒന്നിനെയും കാര്യമായി എടുക്കാത്ത, ആരെയും പ്രണയിക്കാത്ത ശാന്തിയുടെ പ്രത്യേക സ്വഭാവത്തെ കുറിച്ച് മാലതി ചോദിക്കുന്നു ശാന്തിയുടെ മറുപടി' എൻറെ നിതാന്ത സന്തോഷത്തിൽ എല്ലാവർക്കും അസൂയയില്ലേ? എനിക്ക് നീറ്റുന്ന വികാരങ്ങൾ ഇല്ല മഥിക്കുന്ന ചിന്തകൾ ഇല്ല നടക്കാത്ത അത്യാഗ്രഹങ്ങൾ ഇല്ല .അന്നന്ന് കണ്ടപോലെ ജീവിച്ചു കഴിയുന്നു...' ദാമ്പത്യത്തെക്കുറിച്ച് ചിന്തിക്കുന്നെങ്കിൽ തന്നെ 25 വയസ്സ് കഴിഞ്ഞിട്ടേ ആകാവൂ എന്നാണ് ശാന്തിയുടെ അഭിപ്രായം. 14,15 വയസ്സാണ് പെൺകുട്ടികളുടെ വിവാഹപ്രായം എന്ന് കരുതപ്പെട്ടിരുന്ന

കാലത്താണ് ഇത് എഴുതിയിരിക്കുന്നത്
രമണിയുടെ വീട്ടിൽ വിരുന്നുകാരി ആയിരുന്നു ആ രാത്രി ശാന്തി. അവിടെവച്ചാണ് ആണ്ടേഴ്സിന് പഠിച്ചിരുന്ന സദാശിവൻ വിവാഹം കഴിക്കാൻ പോകുന്ന കാര്യം ശാന്തി നിർദോഷമായി രമണിയോടെ പറയുന്നത് 'ദ്രോഹികളാണ് ഇവരെല്ലാം' മാലതി പൊട്ടിത്തെറിക്കുന്നു. എന്നിട്ട് അയാൾ തന്നെ പ്രണയിച്ചു കഥ പറയുന്നു ഒരുപാട് പ്രണയലേഖനങ്ങൾ മാലതി അയാൾക്ക് എഴുതിയിട്ടുണ്ട് അപ്പോൾ ശാന്തി ചോദിക്കുന്നു അയാൾ ആ കടലാസുകളെല്ലാം കൂട്ടിവെച്ച് മാലതി കല്യാണം കഴിക്കുമ്പോൾ ഭർത്താവിനയ കൊടുത്താലോ?
'ഇനി ഞാൻ കല്യാണം കഴിക്കാനോ എന്റെ ഹൃദയവും സർവവും സമർപ്പിച്ചു പോയി'. അപൂർണ്ണനായ ഒരു മനുഷ്യന് വളരെ ചെറിയ ഒരു അംശം മാത്രമാണ് സർവ്വസവും എന്ന് പറഞ്ഞു നമ്മൾ കൊടുക്കുന്നത്. സ്വയം സമർപ്പിക്കേണ്ടത് സൃഷ്ടാവിന്റെ മുൻപിൽ ആണ് 'ശാന്തി കൂട്ടുകാരിയോട് പറയുന്നു. ശാന്തി മനസ്സിൽ ചിരിക്കുന്നു. വഴിയേ പോയ ഒരുത്തനെ പിടിച്ച് എന്തെല്ലാം സ്വപ്നം കണ്ടു..... ഈ പെണ്ണുങ്ങൾ വാസ്തവത്തിൽ തലയില്ലാത്ത പാവകൾ ആണോ? മാലതിയുടെ ചേച്ചിയുടെ മകൾ കുട്ടിയെ ചേർത്തുപിടിച്ച് ശാന്തി ഉറങ്ങാൻ കിടന്നു' 10 12 കൊല്ലം കഴിഞ്ഞാൽ അല്ലേ ഇവൾ കഥ കേൾപ്പിക്കും എന്ന് പേടിക്കെണ്ടു.. വല്ലാത്ത ജന്മം തന്നെ സ്ത്രീജന്മം.
സമ്പൂർണ ആത്മസമർപ്പണം ആണ് പ്രണയം എന്നു പറയുന്നത് സത്യമല്ലെന്നും സ്വത്വത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമാണ് പ്രണയത്തിലേർപ്പെടുന്നതെന്നും ഹൃദയാവർജ്ജകമായി ഈ കഥ പറഞ്ഞുവെക്കുന്നു ;പ്രണയഭംഗത്തിന്റെ പേരിൽ ആത്മഹത്യക്കോ ജീവിതനിരാസത്തിനോ ഒരുങ്ങുന്നത്
ബുദ്ധിശൂന്യതയാണെന്നും.
. പല കഥകളിലും പ്രത്യക്ഷപ്പെടാറുള്ള ശാന്തി എന്ന കഥാപാത്രം സരസ്വതിയമ്മ തന്നെയോ അവരുടെ പ്രതിനിധി എങ്കിലുമോ ആണെന്ന് കരുതുന്നത് ഒരു പരിധി വരെ ശരിയാണ് .പക്ഷെ ഒന്നോർക്കണം ഈ ശാന്തി ഒഴികെ മറ്റൊരു കഥാപാത്രവും കാഥാകാരിയുടെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല .അവരിലാരെക്കൊണ്ടും സരസ്വതിയമ്മ സ്വന്തം അഭിപ്രായം പറയിപ്പിക്കുന്നുമില്ല .ശാന്തി പ്രത്യക്ഷപ്പെടുന്ന കഥകളിൽ പോലും അവർ പറയുന്ന അഭിപ്രായങ്ങൾ കഥാസന്ദർഭത്തിന് യോജിച്ചതായിരിക്കും ,മുഴച്ചു നിൽക്കുന്നതായി തോന്നുകയില്ല. .
.
പുരുഷൻറെ പ്രലോഭനത്തിൽ അയാൾക്ക് വശംവദയായി പോകുന്ന സുമതി എന്ന ബിരുദധാരണിയാണ് പാവങ്ങൾ എന്ന കഥയിലെ നായിക. സുരേന്ദ്രൻ നായർ ഒരുക്കിയ കെണിയിൽ അവൾ വീണു പോവുകയായിരുന്നു. തിരുവനന്തപുരം നാഗർകോവിൽ യാത്രയിൽ ഇടയ്ക്കിറങ്ങി ഒരു രാത്രി സുരേന്ദ്രന് ഒപ്പം കഴിയുന്നു അവൾ. അയാൾ കത്തയ്ക്കാം എന്ന് പറഞ്ഞിരുന്നു. കുറേക്കാലം കഴിഞ്ഞ് അയാളുടെ കത്ത്

വന്നു ഒപ്പം അയാളുടെ കല്യാണ കത്തും. അവൾ തിരുവനന്തപുരത്ത് വന്ന് അമ്മാവൻറെ വീട്ടിൽ താമസിച്ചു. തൊട്ടടുത്ത വീട്ടിൽ ഉണ്ടായിരുന്നു സുരേന്ദ്രൻ നായരും അയാളുടെ ബാലവധുവും. സുരേന്ദ്രന് ഉദ്യോഗ വാഗ്ദാനം ചെയ്ത് വലിയൊരു ഉദ്യോഗസ്ഥൻ തന്റെ മകളെ കല്യാണം കഴിപ്പിച്ചതാണ്. ഒരു രാത്രി ആ വീട്ടിൽ കയറി ചെന്ന് സുമതി അയാളെ കുത്തി. രണ്ടാമത് ആഞ്ഞു കുത്തുന്നതിൽ നിന്ന് ആ ബാലവധുവിന്റെ മുഖദർശനം അവളെ തടഞ്ഞു. ആശുപത്രിയിൽ മൊഴിയെടുക്കുമ്പോൾ കുത്തിയത് ആരെന്ന് അറിഞ്ഞുകൂടാ എന്നാണ് സുരേന്ദ്രൻ പോലീസിനോട് പറഞ്ഞത്. അതുകൊണ്ട് സുമതിക്കെതിരെ കേസ് ഉണ്ടായില്ല

പിന്നീട് ഗംഗാധരൻ നായർ എന്നൊരാളെത്തി പ്രണയ അഭ്യർത്ഥനയുമായി. താൻ ഒരു കാരണവശാലും ഭരിക്കാൻ വരികയില്ല എന്നയാൾ വാക്കു കൊടുത്തു .സുമതി അയാളുടെ ഭാര്യയായി. കുറെനാളിന് ശേഷം ഗംഗാധരൻ നായർക്ക് സുരേന്ദ്രന്റെ ഒരു കത്ത് കിട്ടി പഴയ കാര്യങ്ങൾ വിവരിച്ചുകൊണ്ട് .ഗംഗാധരൻ നായർ സ്വാഭാവികമായും ക്ഷുഭിതനായി സുമതിയെ ശകാരിക്കാൻ തുടങ്ങി .ഒരു മടിയുമില്ലാതെ ഒരു കുറ്റബോധവും ഇല്ലാതെ സുമതി ഗംഗാധരൻ നായരെ നേരിട്ടതിങ്ങനെ. സുമതി ചാടി എണീറ്റ് വലം കൈകൊണ്ട് കസേര നിലത്തേക്ക് വലിച്ചെറിഞ്ഞു അവളുടെ മുഖം കോപാരുണമായി." കണ്ടവന്റെ വാക്ക് കേട്ട് എന്നെ ശകാരിക്കാൻ വരുന്നോ? ഇങ്ങനെ നുണ കേൾക്കാൻ നടന്നാൽ ആളുകൾ എന്തെല്ലാം കേൾപ്പിക്കും....... സ്നേഹവും അഭിമാനവും പൗരുഷവും ഇല്ലാത്ത ആൾ ,എനിക്കും കൂടി എന്തപമാനം -അയ്യോ ദൈവമേ..." സ്വന്തം പൗരുഷ ഹീനതയും പ്രണയശൂന്യതയും ഭാര്യയുടെ നാവിൽ നിന്ന് കേട്ടപ്പോൾ ഗംഗാധരൻ പിള്ള അസ്തചേതനനായി... മഞ്ഞളിച്ച മുഖത്തോടെ വിഷണ്ണനായി കൈ കെട്ടി അയാൾ ചുമരിൽ ചാരി ഭാര്യയെ നോക്കിക്കൊണ്ട് അങ്ങനെ നിന്നു.. പാവം" ഇവിടെ പുരുഷ വിദ്വേഷം ഉണ്ടോ? സുരേന്ദ്രന്റെ വഞ്ചന ആവർത്തിക്കപ്പെടുന്നു. ഗംഗാധരൻപിള്ളയുടെ ക്ഷോഭം സ്വാഭാവികമല്ലേ? കണ്ണുനീരും ഒപ്പം കോപവും കൊണ്ട് തന്റെ നിലനിൽപ്പ് സുരക്ഷിതമാക്കാം എന്ന് ഒരു സ്ത്രീ തെളിയിക്കുന്നു.. തൻറെ തെറ്റ്- അത് തെറ്റല്ലല്ലോ തന്നോട് ചെയ്ത വഞ്ചന അല്ലേ- മറച്ചുവെച്ചുകൊണ്ട് തന്നെ.ലവലേശം കുറ്റബോധമില്ലാതെ തലയുയർത്തി പിടിച്ച് അയാളെ ഭർത്സിച്ച് നിസ്സഹായനാക്കുന്നു .കാർബോളിക് സോപ്പിനെക്കുറിച്ചുള്ള പിൽക്കാല ചപ്പടാച്ചികളെ ഈ കഥാന്ത്യവുമായി താരതമ്യം ചെയ്തു നോക്കുക .കഥയുടെ ജൈവമായ ഏകതയും സമഗ്ര സൗന്ദര്യവും നിലനിർത്തിക്കൊണ്ട് ഒരു ആശയം സംവേദനം ചെയ്യുന്നതും ജുഗുപ്സാവഹവും അസുന്ദരവുമായി അത് വിളിച്ചുകൂവുന്നതും തമ്മിലുള്ള വ്യത്യാസം അപ്പോൾ മനസ്സിലാവും . ഒരു ചോദ്യം അപ്പോഴും അവശേഷിക്കുന്നു ആരാണ് തലക്കെട്ടിൽ പറയുന്ന പാവങ്ങൾ?

കോളേജിൽ പഠിച്ചിറങ്ങുന്ന ചെറുപ്പക്കാർക്ക് അന്ന് ഉദ്യോഗം വലിയൊരു പ്രലോഭനമായിരുന്നു. ഉദ്യോഗലബ്ധി സുഗമമാക്കാൻ കഴിയുന്ന, അധികാരവും സ്വാധീനശക്തിയും ഉള്ള ഒരാളിന് തൻറെ പുത്രിക്ക് ഒരു വരനെ കിട്ടാൻ പ്രയാസം ഉണ്ടായിരുന്നില്ല. പക്ഷേ ആ വരന് നാട്ടിൽ തന്നെ

കാത്തിരിക്കുന്ന  മുറപ്പെണ്ണിനെ, അല്ലെങ്കിൽ പ്രണയിനിയെ വഞ്ചിക്കേണ്ടിവരുന്നു. സരസ്വതി അമ്മയുടെ ഇഷ്ട വിഷയങ്ങളിൽ ഒന്നാണ് ഇത്. ആ ജനുസിൽപ്പെട്ട കഥകളിൽ വ്യത്യസ്തത പുലർത്തുന്ന ഒന്നാണ്  'ശരത്ചന്ദ്രിക ' വികാരനിർഭരമായ ആഖ്യാനം കൊണ്ട്  ഹൃദയാവർജകമാണ് ഈ കഥ. ഇവിടെ കഥാനായിക തന്നെ  സ്വമനസാലെ പിൻവാങ്ങുകയാണ്. ഒരു ചെറുപ്പക്കാരനെ വലവീശിപ്പിടിച്ചു എന്ന ആരോപണം അവൾക്ക് സഹിക്കാവുന്നതായിരുന്നില്ല. സാധാരണയിൽ നിന്ന് വ്യത്യസ്തമായി ഇവിടെ കഥാനായകൻ പൊരുതി നിൽക്കാൻ തയ്യാറായിരുന്നു.. അവൾ സമ്മതിച്ചില്ല. തൻറെ സ്നേഹിതയും അയാളുടെ സ്ഥലത്തെ രക്ഷകർത്താവിന്റെ മകളും ആയ ചന്ദ്രികയെ അയാളെ ഏൽപ്പിച് അവൾ ഈ ലോകത്തോട് വിട പറയുന്നു...." ഒരു ഭർത്താവ് പിതാവ് മനുഷ്യൻ എന്നീ നിലകളിലെല്ലാം എൻറെ കർത്തവ്യം തെറ്റാതെ നിർവഹിക്കാൻ ഞാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. എന്നാലും പിഞ്ചു പൈതങ്ങളുടെ കിളികൊഞ്ചലിലും യുവജനങ്ങളുടെ ഉത്സാഹ തിമിർപ്പിലും ഫലിത ശിരസ്കരുടെ വാത്സല്യ പ്രകടനത്തിലും ഞാനിന്നും ശാരദയുടെ വിവിധ ഭാഗങ്ങൾ കണ്ടു പോകുന്നു.." എന്നയാൾ മനസ്സിൽ പറയുന്നിടത്താണ് കഥ അവസാനിക്കുന്നത് .ഒരു പുരുഷ വിദ്വേഷി എഴുതിയ വാക്യങ്ങൾ ആണോ ഇവ?

കഥകളുടെ സാമൂഹ്യ രാഷ്ട്രീയ സാമുദായിക പശ്ചാത്തല കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. സരസ്വതി അമ്മയുടെ ഭൂമിക തിരുവനന്തപുരം നഗരവും അതിൻറെ ചുറ്റുപാടുകളും ആണ് പ്രധാനമായും. കഥാപാത്രങ്ങൾ മഹാ ഭൂരിപക്ഷവും നായർ സമുദായക്കാരും. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ ബാലവിവാഹം സാധാരണമായിരുന്നു എന്ന് നേരത്തെ സൂചിപ്പിക്കുന്നുണ്ടല്ലോ. ഈ സമ്പ്രദായത്തിന്റെ ദോഷങ്ങളെ കുറിച്ച് സരസ്വതി അമ്മ എവിടെയും ഒന്നും പറഞ്ഞിട്ടില്ല. പക്ഷേ 'ഈശ്വരന്റെ കയ്യിൽ' എന്ന ചെറുകഥ ആ വിഷയം വലിയ മുഴക്കത്തോടെ നമ്മുടെ മനസ്സിൽ എത്തിക്കുന്നു. ചില തെറ്റിദ്ധാരണകളുടെ പേരിൽ തങ്കമണി എന്ന ബാലവധു സ്വന്തം കുഞ്ഞിനെ സുരക്ഷിതത്വത്തിന് വേണ്ടി പുതപ്പുകൾ കൊണ്ട് പൊതിഞ്ഞ് അലമാരിയിൽ വെച്ച് പൂട്ടുന്നു. ആരോ ഭർത്താവിനെ കുറിച്ച് പറഞ്ഞ ഒരു അപവാദം കേട്ടിട്ടാണ് അവൾ ഇങ്ങനെ ചെയ്തത് .. കാര്യങ്ങൾ വിവേചിച്ച് അറിയാൻ അവളുടെ പ്രായപൂർത്തിയാകാത്ത മനസ്സിന് കഴിയാതെ പോയതാണ് കാരണം .അഞ്ചൽ മാസ്റ്ററായ അവളുടെ ഭർത്താവ് സ്നേഹസമ്പന്നനായ ഒരു യുവാവാണ് താനും

സ്ത്രീധനം എന്ന സാമൂഹ്യ ദോഷത്തെക്കുറിച്ച് സരസ്വതി അമ്മ പല കഥകളിലും സൂചിപ്പിച്ചിട്ടുണ്ട്. ആ വിഷയത്തെ അധികരിച്ചുള്ളതാണ് 'വിവാഹവ്യവസായം' എന്ന കഥ. വാസുദേവൻ നായരുടെ അച്ഛൻ ആരാണെന്ന് കൃത്യമായി പറയാൻ അയാളുടെ അമ്മയ്ക്ക് പോലും കഴിയുമായിരുന്നില്ല. പക്ഷേ അയാൾ പഠിച്ചു ഏഴാം ക്ലാസ് മുതൽ ട്യൂഷൻ എടുത്ത് പഠിത്ത ചെലവിനും അതിലധികവും വരുമാനം ഉണ്ടാക്കി. കോളേജിൽ ഇടയ്ക്കിടെ ജോലി നോക്കി പഠനം നടത്തി. 114ലെ വിദ്യാർത്ഥി വേട്ട കാലത്തും 42 ലെ ആഗസ്റ്റ് പ്രക്ഷോഭണത്തിലും അയാൾ സമര രംഗത്ത്

നിന്ന് സമർത്ഥമായി ഒഴിഞ്ഞു നിന്നു. പാസായി ഗ്രാൻഡ് സ്കൂൾ അധ്യാപകനായി പ്രതിമാസം 50 രൂപയ്ക്ക് ഒപ്പിട്ടുകൊടുത്ത് അതിൽ പകുതി എണ്ണി വാങ്ങാനുള്ള ഭാഗ്യം അയാൾക്ക് ഉണ്ടായി.. ഇടയ്ക്ക് പറയട്ടെ വിദ്യാഭ്യാസ കച്ചവടത്തെ കുറിച്ചുള്ള മലയാള സാഹിത്യത്തിലെ ആദ്യ പരാമർശം ഇതാണെന്ന് തോന്നുന്നു, കുറിക്ക് കൊള്ളുന്നത്.അതുപോലെ സ്റ്റേറ്റ് കോൺഗ്രസ് തിരുവിതാംകൂറിൽ നടത്തിയ പ്രക്ഷോഭത്തെക്കുറിച്ചും  ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന ദേശീയ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും സരസ്വതിയമ്മ എന്തെങ്കിലും സൂചിപ്പിക്കുന്നത് ഇവിടെ മാത്രമാണ് .

അത് നിൽക്കട്ടെ വാസുദേവൻ നായർ സാമാന്യം നല്ല കുടുംബസ്വ ത്തിന്റെ ഏക അവകാശിയായ പെൺകുട്ടിയെ ആയിരത്തഞ്ഞൂറ് രൂപ സ്ത്രീധനം വാങ്ങിക്കൊണ്ട് വിവാഹം ചെയ്തു. തുടർന്ന് ഭാര്യയുടെ അകാല മരണം. അപ്പോഴേക്കും സമ്പന്നനായി കഴിഞ്ഞിരുന്ന നായർക് പോലീസിലെ ഇൻസ്പെക്ടർ ഉദ്യോഗവും 2000 രൂപ സ്ത്രീധനവും ഒരു പുത്തൻ മണക്കാരന്റെ മകളെ വിവാഹം ചെയ്യുന്നതിന് പകരമായി ലഭിച്ചു.

ഭാര്യയുടെ പൂർവ്വകാല ചെയ്തികളെ ചൂണ്ടിക്കാട്ടി പണം തിരികെ കൊടുക്കാതെ വിവാഹമോചനം. ഒരു മാസത്തിനകം 4000 രൂപ സ്ത്രീധനം വാങ്ങിക്കൊണ്ട് വീണ്ടും വിവാഹം. 'പുരുഷന്മാർക്ക് എന്തൊരാദായ മാർഗ്ഗമായിട്ടാണ് ഈശ്വര ഈ പെൺവർഗ്ഗത്തെ സൃഷ്ടിച്ചിരിക്കുന്നത്' എന്ന നായരുടെ ആത്മഗത ത്തോടെയാണ് കഥ അവസാനിക്കുന്നത്.

ഇതിൻറെ ഒരു മറുവശമാണ് 'രത്നം വിളയുന്ന ഭൂമി'. വിവാഹിതനും കുട്ടികളുള്ളവനുമായ ഒരു ധനികൻ ദരിദ്രയും സുന്ദരിയും ഒരു പെൺകുട്ടിയെ പണം കൊടുത്ത് കല്യാണം കഴിച്ച് ഒരു ഉപഭോഗ വസ്തുവായി സൂക്ഷിക്കുന്നു. പുടവയ്ക്കു പകരം നോട്ടുകെട്ടുകൾ തൊഴുതു വാങ്ങിച്ച അവൾ തൻറെ താരതമ്യം ഇല്ലാത്ത ദുരവസ്ഥ യാദൃശ്ചികമായി കണ്ടുമുട്ടിയ അയൽക്കാരനോട് വിവരിക്കുന്നു . പൊതുസ്വത്ത് ആയില്ലല്ലോ എന്നാണ് അവളുടെ സമാധാനം. തൻറെ വീട് പട്ടിണി കൂടാതെ കഴിയുന്നുണ്ടല്ലോ എന്നും.

ആശയങ്ങളുടെ പേരിൽ അല്ലല്ലോ ഒരു കലാസൃഷ്ടി വിലയിരുത്തപ്പെടേണ്ടത് രസനീയത നോക്കിയല്ലേ? ഏതു നല്ല കലാസൃഷ്ടിയിലും രചിക്കപ്പെട്ട കാലത്തെ സമൂഹത്തിൻറെ സവിശേഷതകൾ മുദ്രിതമായിരിക്കും. ഏതു മാനദണ്ഡമനുസരിച്ച് വിശകലനം ചെയ്താലും ഒന്നാംതരം എന്ന് വിധിയെഴുതേണ്ട, മലയാളത്തിലെ എക്കാലത്തെയും  മികച്ചവ എന്ന് കരുതാവുന്ന ഏതാനും ചെറുകഥകൾ സരസ്വതി അമ്മ എഴുതിയിട്ടുണ്ട്. അവയിൽ ചിലതിനെ കുറിച്ച്.

ആദ്യം 'കീഴ് ജീവനക്കാരി'. ഗ്രാമത്തിലെ  അമ്പലത്തിലെ 'അടിച്ചു തളിക്കാരി' പാറു അമ്മ പാറുക്കുട്ടി എന്ന 17കാരിയായിരുന്നപ്പോൾ രണ്ടാനമ്മയുടെ പീഡനം സഹിക്കാതെ രക്ഷ തേടിയെത്തിയത് എതിർവശത്തെ വീട്ടിൽ താമസിച്ചിരുന്ന മുൻസിഫിന്റെ ദയാമയിയായ അമ്മയുടെ അടുത്തായിരുന്നു. അവിടെ അനിയൻ വക്കീൽ ഗോപാലൻ നായരും താമസിക്കുന്നുണ്ടായിരുന്നു. അവൾക്ക് ആ വീട്ടിൽ നിന്ന് എല്ലാം

കിട്ടി. ആഹാരം സ്നേഹം വാത്സല്യം. ഒരു അഷ്ടമിരോഹിണി ദിവസം അമ്മയുടെ ശ്രീകൃഷ്ണ പൂജയ്ക്ക് വേണ്ടി ഒരുക്കിയ പൂക്കളിൽ കുറെ അവൾ 'ഗോപാലനു 'സമ്മാനിച്ചു.. അന്നാദ്യമായി അവൾ  പുരുഷസ് സ്പർശം അറിഞ്ഞു.

" പ്രണയ കോലാഹലത്തിനിടയിലും അവളുടെ പ്രായോഗിക ബുദ്ധി നിലയ്ക്ക് തന്നെ നിന്നു അണിയറയിലെ പ്രേമ രംഗങ്ങൾ അരങ്ങത്ത് പ്രദർശിപ്പിക്കേണ്ട ദാമ്പത്യ നാടകത്തിൻറെ പ്രഥമ അങ്കങ്ങൾ ആകണമെന്നില്ല എന്ന് അവൾക്കറിയാമായിരുന്നു". മുൻസിഫും  ഭാര്യയും കുട്ടികളും ലക്ഷ്മി അമ്മ എന്ന ആ അമ്മയും പോയി. വക്കീലിനെ പരിചരിക്കാൻ പാറുക്കുട്ടിയെ ചുമതലപ്പെടുത്തിയിട്ടാണ് ലക്ഷ്മി അമ്മ പോയത്. അവസാനം അയാളും പോയി. 'ഞാൻ പോയാൽ നീ എന്ത് ചെയ്യും?'" വേലചെയ്ത് ജീവിക്കും 'എന്നായിരുന്നു അവളുടെ മറുപടി. ആ 'വേല'യിൽ അയാൾ സംശയം പ്രകടിപ്പിച്ചപ്പോൾ അവൾ അയാളെ പ്രതിഷേധം ജ്വലിക്കുന്ന കണ്ണുകളോടെ, തീക്ഷ്ണമായി നോക്കി ചൊടിച്ചു കൊണ്ട് പറഞ്ഞു' വേല ചെയ്തു ജീവിക്കണം എന്നുള്ളവർക്ക് എങ്ങനെയും അത് സാധിക്കും. തേവിടിശ്ശി തൊഴിൽ ഇന്നുവരെ എൻറെ വീട്ടിൽ ആരും എടുത്തിട്ടില്ല' ദരിദ്രയുടെ ആത്മാഭിമാനം അയാൾ നേരിൽ കണ്ടു.. അയാൾ ശരിയാക്കിക്കൊടുത്തതാണ് അമ്പലത്തിലെ അടിച്ചുതളി. അവൾക്കുണ്ടായത് ഒരു മകളായിരുന്നു. അവൾക്ക് ലക്ഷ്മിക്കുട്ടി എന്ന് പേരിട്ടു ആ അമ്മയുടെ ഓർമ്മയ്ക്ക്.

18 അഷ്ടമിരോഹിണികൾ  കഴിഞ്ഞു അത്തവണത്തെ അഷ്ടമിരോഹിണിക്ക് ദേവസ്വം കമ്മീഷണർ വരുന്നു 'ലക്ഷ്മിക്കുട്ടിയെ അങ്ങോട്ട് അയയ്ക്കണം' കാര്യക്കാർ വന്നു പറഞ്ഞു. 'അങ്ങത്തയുടെ മകളായിരുന്നെങ്കിൽ?' 'അതുപോലാണോ ഈ തന്തയില്ലാത്ത പെണ്ണ്'.വിശദീകരണം ആവശ്യമില്ലല്ലോ .

ഒരു ദിവസത്തേക്ക് മാത്രമായി ഏതോ ഒരാളുടെ- അയാൾ ചക്രവർത്തി തന്നെ ആയാൽ എന്ത്- വിരുന്നാകാൻ വേണ്ടി കന്യകാത്വം നശിപ്പിക്കപ്പെടുക. അതിൽ സ്ത്രീത്വത്തെ സംതൃപ്തിപ്പെടുത്തുന്ന സ്മരണകൾ ഇല്ല ഹൃദയത്തെ അന്യ ചിന്തകളിൽ നിന്ന് പിടിച്ചുനിർത്തുന്ന സ്നേഹബന്ധമില്ല

തൻറെ അനുഭവവുമായി താരതമ്യം ചെയ്യുകയായിരുന്നു പാറു അമ്മ.. അന്നവിടെ  ഏറ്റവും ആനന്ദസുന്ദരമായ മനംമയക്കുന്ന ഒരു പുതിയ ലോകമായിരുന്നു .അന്ന് അനുഭവിച്ചത് ഒന്നും ഇന്നും സ്മരണയിൽ നിന്നും മറഞ്ഞിട്ടില്ല

അയാൾക്കത് ഒരു കളി തമാശ യായിരുന്നു. പാറുക്കുട്ടി അത് ഒരായുഷ്കാല സൗഭാഗ്യമായി ഇപ്പോഴും കരുതുന്നു ഹൃദയബന്ധങ്ങളോടുള്ള സ്ത്രീപുരുഷ സമീപനങ്ങളെ വ്യത്യാസം എത്ര സമർത്ഥമായാണ് സരസ്വതി അമ്മ വരച്ചു കാണിക്കുന്നത്.

ഇപ്പോൾ കാര്യക്കാർ ആവശ്യപ്പെടുന്നതോ?
പാറു അമ്മയെപ്പോലൊരു സാധു സ്ത്രീക്കും കർമ്മ ധീരതയും അധർമ്മ ഭീരുത്വവും ഉണ്ടാവും. അവർ മകളെ ശ്രീകൃഷ്ണന്റെ വിഗ്രഹത്തിന് മുമ്പിൽ

വച്ച് കൊന്നുകളഞ്ഞു കമ്മീഷണർ വന്ന് കണ്ടു അയാൾ ലക്ഷ്മിയുടെ അച്ഛനായിരുന്നു.

ഇവിടെ സംവാദത്തിന്റെ ശൈലിയല്ല സരസ്വതി അമ്മ ഉപയോഗിച്ചിരിക്കുന്നത്.മനുഷ്യ മനസ്സിന്റെ അഗാധതകളിലേക്ക് കടന്നുചെന്ന് ലൈംഗികതയുടെയും സ്നേഹത്തിന്റെയും സങ്കീർണ ഭാവങ്ങളെ അനാവരണം ചെയ്ത് മനോഹരമായ കലാസൃഷ്ടിയായി ആവിഷ്കരിച്ചിരിക്കുന്നു സരസ്വതിയമ്മ ഇവിടെ .ഈ വിഷയത്തിൽ ഇത്രയും സുന്ദരവും സുരചിതവുമായൊരു ചെറുകഥ മലയാളത്തിൽ വേറെ ഞാൻ വായിച്ചിട്ടില്ല

സരസ്വതി അമ്മയ്ക്ക് 'പൊന്നുംകുടം' എന്നൊരു വിളിപ്പേർ ഉണ്ടായിരുന്നു. അവരുടെ, മലയാളചെറുകഥാസാഹിത്യത്തിലെയും ഏറ്റവും മെച്ചപ്പെട്ട കഥകളിലൊന്ന് ആ പേരിലാണ്. രമണന്റെ കടുത്ത വിമർശകയായ സരസ്വതി അമ്മ ഏതാണ്ട് അതേ സ്വഭാവമുള്ള ഒരു കഥ തന്റേതായ ശൈലിയിൽ എഴുതിയിരിക്കുന്നു ചെറുപ്പത്തിലെ കൂട്ടുകൂടി കഴിഞ്ഞവർ. കാമുകി കാമുകന്മാർ എന്ന് പറയാമോ? അവർക്ക് പ്രേമത്തെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ അതിൻറെ പദാവലികളും. കരിമന് ബുദ്ധി ഉണ്ടായിരുന്നില്ല, പണവും. വള്ളിക്ക് ഇത് രണ്ടും ഉണ്ടായിരുന്നു. മീൻപിടിത്തക്കാരൻ ആയ കരിമന് വള്ളിയുടെ പഴങ്കഥയിൽ പറയുന്നതുപോലെ ഒരു പൊന്നുംകുടം കിട്ടും. അപ്പോൾ താൻ വള്ളിയെ കല്യാണം കഴിക്കും എന്ന് അവളുടെ അച്ഛനോട് പറയാൻ അവൻ ധൈര്യം കാണിച്ചു. 'കർമ്മ ധീരനും അല്ലവൻ' എന്ന് അവനെക്കുറിച്ച് ഒരു കവിക്കും പാടാൻ കഴിയില്ല. വിവാഹ ചടങ്ങിന് തൊട്ടുമുമ്പ് അവനെ ഒന്ന് കണ്ടു വരാം എന്ന് കരുതി ഇറങ്ങിയ വള്ളി.. അവൻ ഉറങ്ങുന്നു.. താൻ പോയി കഴിഞ്ഞാൽ അവന് ഉണ്ടാകുന്ന വേദന .അത് തനിക്ക് സഹിക്കാൻ വയ്യ.. അവൾ അവൻ വലയെറിയാറുള്ള  ആറ്റിലേക്ക് ഇറങ്ങി. കരയിൽ കണ്ട മൺകലം മുടിയിൽ നിന്ന് അഴിച്ചെടുത്ത ടേപ്പ്കൊണ്ട് കഴുത്തിൽ കെട്ടി... എന്തുവന്നാലും എനിക്കാസ്വദിക്കണം മുന്തിരിച്ചാറു പോലുള്ളോരീ ജീവിതം.. എന്ന് അവൾ പ്രഖ്യാപിച്ചില്ല.

അവന് അവൻറെ പൊന്നുംകുടം കിട്ടി .ചങ്ങമ്പുഴയുടെ സഹപാഠിയും അദ്ദേഹത്തിൻറെ നാടകീയ കാവ്യത്തിന്റെ വിമർശകയുമായ സരസ്വതി അമ്മ രമണന് കൂടുതൽ യുക്തിസഹമായ ഒരു ഭാഷ്യം ചമക്കുകയായിരുന്നോ? എന്തായാലും ആറ്റിനക്കരെ പുലയെക്കുടിലിൽ നിന്നുയർന്ന ആ പ്രാകൃത പ്രാർത്ഥനാഗാനം രാത്രിയെ നൊമ്പരപ്പെടുത്തിയിരിക്കണം, വായനക്കാരനെയും. രമണിയെ പോലെ സംവാദാത്മകം  അല്ല ഇവിടെ ആഖ്യാനം. ലിറിക്കൽ ആണ് താനും.

ചോല മരങ്ങൾ മലയാളത്തിന് സരസ്വതി അമ്മ നൽകിയ മറ്റൊരു മികച്ച സംഭാവനയാണ്. രമണന്റെ മറ്റൊരു പുനരാഖ്യാനവുമാണ്. കാമുകി കാമുകന്മാർ' അയൽക്കാർ' ബാല്യകാല സഖാക്കൾ .അയാൾ ഹിന്ദു, മധു അവൾ, ക്രിസ്ത്യൻ ലില്ലിക്കുട്ടി എതിർപ്പുകൾ സ്വാഭാവികം ഒളിച്ചോടാമെന്ന് അവൾ നിർദ്ദേശിച്ചു അയാൾ സമ്മതിച്ചില്ല അവൾ നിർബന്ധിച്ചതുമില്ല. രണ്ടുപേർക്കും കുടുംബങ്ങളോടുള്ള ഉത്തരവാദിത്വം ഓർമ്മയുണ്ടായിരുന്നു.

സന്യാസം സ്വീകരിച്ച അയാൾ ഒരു പകർച്ചവ്യാധിബാധിത പ്രദേശത്തെ സന്നദ്ധ പ്രവർത്തനങ്ങൾക്ക് സഹായം തേടി അടുത്തുള്ള കന്യാമഠത്തിൽ എത്തുന്നു. മദർ എല്ലാ സഹായവും വാഗ്ദാനം ചെയ്യുന്നു എന്നുമാത്രമല്ല മഠവും ആശ്രമവും കൂടി പകർച്ചവ്യാധിക്കെതിരെ പടപൊരുതി അനവധി ജീവൻ രക്ഷിക്കുന്നു. പകർച്ചവ്യാധി നിയന്ത്രണവിധേയമായി, അപ്രത്യക്ഷമാകുന്നു. നന്ദി അറിയിക്കാൻ കന്യാമഠത്തിൽ എത്തിയ സ്വാമി മനസ്സിലാക്കുന്നു ഈ മദർ ഫിലോമിന ബെനഡിക്ട ബിയാട്രീസ് തൻറെ പഴയ ലില്ലികുട്ടിയാണെന്ന്. സ്വാമിജി മധു ആണെന്ന് ആദ്യ സന്ദർശനത്തിൽ തന്നെ മദർ മനസ്സിലാക്കിയിരുന്നു ബാല്യകാല സ്മരണകൾ ഉൾപ്പെടെ കഥയിലെ സംഭവങ്ങൾ സ്വാമിയും മദറുമായുള്ള സംവാദത്തിലൂടെയാണ് വെളിവാകുന്നത്. സംവാദം ഇവിടെ അന്യാദൃശ സൗന്ദര്യം നേടുന്നു. എത്ര ഹൃദ്യമാണെന്നോ അവർ പരസ്പരം പങ്കിടുന്ന ഒരാൾക്ക് മറ്റേ ആളെ കുറിച്ചുള്ള ഓർമ്മകൾക്ക് .
ഇപ്പോഴും അവർ പരസ്പരം തീവ്രമായി സ്നേഹിക്കുന്നു, എൻറെ എന്ന ബോധം കൂടാതെ, മമതാ ബന്ധമില്ലാതെ. ഉപാധികളില്ലാതെ എല്ലാറ്റിനെയുംസ്നേഹിക്കുന്നതിന്റെ ഭാഗമായി .മലയാള സാഹിത്യത്തിന്റെ ഏറ്റവും മികച്ച ഉപലബ്ധികളിൽ ഒന്നാണ് 'ചോലമരങ്ങൾ' .

തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥ' അച്ഛനവിടെ' ആണെന്ന് ടി എൻ ജയചന്ദ്രൻറെ ചോദ്യത്തിന് ഉത്തരമായി സരസ്വതി അമ്മ പറഞ്ഞു. അവരുടെ മറ്റു കഥകളിൽ നിന്ന് എല്ലാം തികച്ചും വ്യത്യസ്തമാണ് അമ്പതുകളുടെ തുടക്കത്തിൽ കേരളത്തിൽ നിലനിന്നിരുന്ന വിപ്ലവ പ്രസ്ഥാനം വിഷയമാക്കി എഴുതിയ ഈ കഥ. വലിയ ഉദ്യോഗം വലിച്ചെറിഞ്ഞ് വിപ്ലവ പ്രസ്ഥാനത്തിൽ ചേർന്ന് 'മണ്ണിനടിയിലേക്ക് ' (Underground-ഒളിവിൽ )പോയ ഒരു യുവാവിന്റെ കുടുംബത്തിൻറെ കഥയാണിത്. അയാളെ ഒരു നോക്ക് കാണാൻ കാത്തിരിക്കുകയാണ് അയാളുടെ രോഗിയായ മകൾ. ആ കുഞ്ഞിന് കാവൽ ഇരിക്കുന്ന അയാളുടെ ഭാര്യ. ആ യുവതിയുടെ ബോധധാരയിലൂടെയാണ് കഥ അനാവരണം ചെയ്യപ്പെടുന്നത്. ബോധധാര സരസ്വതി അമ്മയ്ക്ക് വഴങ്ങും! അന്ന് ശക്തമായിരുന്ന വിപ്ലവ പ്രസ്ഥാനത്തെ കുറിച്ചുള്ള സൂചനകളിലൂടെ ആ കാലഘട്ടത്തിന്റെ ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്നു ഈ കഥ ,. കൊട്ടിഘോഷിക്കപ്പെട്ട പുരോഗമസാഹിത്യത്തെക്കാൾ വ്യക്തതയോടെ സൗന്ദര്യത്തോടെ. അതിൽ അധികം പുതിയ കൂട്ടുകുടുംബ വ്യവസ്ഥയിൽ ഒന്നിലധികം കുടുംബങ്ങൾ ഒരടുക്കളയിൽ നിന്നുള്ള ഭക്ഷണം കഴിച്ച് വേറെ വേറെ താമസിക്കുന്ന ഒരു സമ്പന്ന ഗൃഹത്തിൽ ഒരച്ഛൻ സഹായത്തിന് ഇല്ലാത്ത ഒരു കുഞ്ഞും അമ്മയും അനുഭവിക്കേണ്ടിവരുന്ന ദുസ്സഹ വേദനകൾ ഒരു രാജശില്പിയുടെ കയ്യടക്കത്തോടെ സരസ്വതി അമ്മ ഈ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നു.
അവൾ അയാളെ കുറ്റപ്പെടുത്തുന്നില്ല ,രോഗം മൂർഛിച്ച മകൾക്ക് അച്ഛനെ ഒരു നോക്ക് കാണാൻ കഴിയാത്ത അവസ്ഥയിൽ പോലും .തങ്ങളേക്കാൾ

വളരെ മോശപ്പെട്ട നിലയിലുള്ള ജനവിഭാഗത്തിന് നല്ല ഭാവി ഉറപ്പുവരുത്തുന്ന വ്യവസ്ഥിതി നേടിയെടുക്കാൻ വേണ്ടിയാണല്ലോ ഭർത്താവ് ശ്രമിക്കുന്നത് .ആ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്ന അയാളുടെ പ്രസ്ഥാനത്തെ അവൾ തള്ളിപ്പറയുന്നതുമില്ല

ആ പ്രസ്ഥാനം പക്ഷെ സരസ്വതിയമ്മയെ തീരെ ശ്രദ്ധിച്ചില്ല

ഇടത്തരക്കാരുടെ മാത്രം കഥാകാരിയല്ല സരസ്വതിയമ്മ .തീരെ ദരിദ്രരായവരുടെ കഥകളും അവർ എഴുതിയിട്ടുണ്ട് 'വൈസ്രോയിയുടെ സന്ദർശനം 'പോലെ .അതുപോലെ സ്വന്തം വേളിയുള്ള ബ്രാഹ്മണന്റെ ശൂദ്ര ഭാര്യയായി കഴിയേണ്ടിവരുന്ന നായർ സ്ത്രീയുടെ ദുർഗ്ഗതിയും അവരുടെ കഥയ്ക്കു വിഷയമായിട്ടുണ്ട് .'കുലമഹിമ' .പക്ഷെ ഇത് ആ സ്ത്രീയുടെ മാത്രം കഥയല്ല .ഇല്ലത്ത് നായർ പാരമ്പര്യം ഇപ്പോഴും ഉയർത്തിപ്പിടിക്കുന്ന ആ ദരിദ്ര കുടുംബത്തിലെ ഒരു പെൺകുട്ടി ഒരുആശാരി യുവാവിന്റെ ഭാര്യയായി നല്ല നിലയിൽക്കഴിയുന്നു .പോറ്റി ഉപേക്ഷിച്ചു പോയ ഗർഭിണിയായ ചെറിയമ്മയെ ആശുപത്രിയിൽ കൊണ്ട് പോകുന്നതും അവിടത്തെ ചെലവ് മുഴുവൻ വഹിക്കുന്നതും മാറ്റി നിർത്തപ്പെട്ട ഈ യുവതിയാണ് .ജാതി വ്യവസ്ഥയുടെ നിരർഥകത ഏതു പ്രസംഗത്തെക്കാളും ശക്തിയിൽ നമ്മളെ ബോദ്ധ്യപ്പെടുത്തുന്നു ഈ കഥ

അന്ന് നിലവിലിരുന്ന സമ്പ്രദായങ്ങളെ വിമർശിക്കുന്നതിനപ്പുറം തന്റെസങ്കൽപ്പത്തിലെ ആദർശകുടുംബം എങ്ങനെയുള്ളതായിരിക്കണമെന്ന് സരസ്വതിയമ്മ കഥകളിലൊന്നും പറയുന്നില്ല."തൊഴിലിനുവേണ്ടി സ്ത്രീ തെണ്ടുന്നതും ഞാനഭിമാനത്തോടെ കണ്ടു നിൽക്കാം .ഭർത്താവിനെ പറ്റിപ്പിടിച്ചു ജീവിക്കാൻ കാത്തിരിക്കുന്നതാണ് എന്റെ കണ്ണിൽ മാനക്കേട് ."'വിലക്കപ്പെട്ട വഴി 'എന്ന കഥയിലെ പ്രധാന കഥാപാത്രത്തിന്റെ ഈ മൊഴി ഒരു പ്രധാന സൂചനയാണ് .അതിനോടൊപ്പം കഥകൾ അവശേഷിപ്പിച്ച ധാരണകളും 'ഞാൻ ഭർത്താവായാൽ ' എന്ന ലേഖനത്തിലെ തമാശ ഒഴിവാക്കി ബാക്കി വരുന്നതും ചേർത്ത് വെച്ചാലോചിച്ചാൽ അവരുടെ കുടുംബ സങ്കല്പത്തിന്റെ ഒരു ഏകദേശരൂപം കിട്ടും .അതൊരു പുരുഷ മേധാവിത്ത കുടുംബം തന്നെ യാണ് .ഭർത്താവ് കാണപ്പെട്ട ദൈവമല്ല സ്നേഹശീലനാണ് .സ്ത്രീ സ്വന്തം തൊഴിലും വരുമാനവുമുള്ളവൾ കാര്യ ഗൗരവമുള്ളവൾ .പുസ്തകവും പത്രവും വായിക്കുന്നവൾ .രണ്ടോ മൂന്നോ കുട്ടികൾ .... ഒരു പക്ഷെ ഏറെക്കാലത്തേക്ക്, എന്ന് പറഞ്ഞാൽ ലോകവിപ്ലവത്തിലൂടെ ഒരു പുതിയ വ്യവസ്ഥിതി രൂപം കൊള്ളുന്നത് വരെ നില നിൽക്കേണ്ടതുണ്ട് എന്ന് ഏങ്ങൽസ് .പറഞ്ഞ ആ ഏക ദാമ്പത്യ കുടുംബം ആയിരുന്നുവെന്ന് തോന്നുന്നു അവരുടെ മനസ്സിലുണ്ടായിരുന്നത് .ഇത് തമാശയാണെന്നു തോന്നുന്നവരെ ഓർമ്മിപ്പിക്കട്ടെ .സരസ്വതിയമ്മ വലിയ വായനക്കാരിയായിരുന്നു .സാഹിത്യം മാത്രമല്ല ശാസ്ത്രവും മനഃശാസ്ത്രവും തത്വശാസ്ത്രവുമെല്ലാം അവർ ഗൗരവപൂർവം വായിച്ചിരുന്നു .അതിന്റെ സൂചനകൾ കഥകളിൽ തന്നെയുണ്ട്.

മലയാളത്തിലെ ഏറ്റവും മികച്ച ചെറുകഥകളിൽ ചിലതെഴുതിയ ,കേരളീയ നവോത്ഥാനത്തിന് തന്റെ രചനകളിലൂടെ ഊർജ്ജം പകർന്ന ,

കഥകളിൽ സ്ത്രീപക്ഷ ആശയങ്ങൾ ഉൾകൊള്ളിക്കുന്നതിന് ക്ഷമാപണം ആവശ്യമില്ല എന്ന് രചനകളിലൂടെ
ധിക്കാരത്തോടെ തെളിയിച്ച സരസ്വതിയമ്മ അമ്പതുകളുടെ ഒടുക്കത്തോടെ ആസ്വാദക ശ്രദ്ധയിൽ നിന്ന് അപ്രത്യക്ഷയായി 1975 ഡിസംബർ 24 ന് അവർ നിര്യാതയായ വിവരം ഒരു ചരമക്കോള വാർത്ത പോലുമായില്ല .

ഏതു മഹാവിസ്ഫോടനവും അങ്ങനെയാണ് .അത് അദൃശ്യമായിരിക്കും വളരെക്കാലത്തേക്ക് .പക്ഷെ ആ വിസ്ഫോടനം സൃഷ്ടിക്കുന്ന ആകാശങ്ങൾ അവിടെയുണ്ടാവും തുടർന്ന് വരുന്നവരിൽ
പ്രതിഭയുള്ളവർക്ക് നക്ഷത്രങ്ങൾ വിരിയിക്കാൻ വേണ്ടി .പുതിയ പ്രതിഭകൾ അവയിൽ വിരിയിക്കുന്ന നക്ഷത്രങ്ങളുടെ പ്ര ഭയിൽ ആ മഹാവിസ്ഫോടനം പുതിയ പിന്നീട് വരുന്ന തലമുറകൾക്ക് ദൃശ്യമാവുകയും ചെയ്യും ,

കെ സരസ്വതിയമ്മ എന്ന മഹാവിസ്ഫോടനവും വിവേകശാലികളുടെ ദൃഷ്ടിപഥത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുകയാണ് എന്ന് തോന്നുന്നു

-------------------------------------------------------------------------------------------------------------------------------------------------------------------------------------------------------ആർ .എസ് .കുറുപ്പ്

സൗപർണിക
139 -താമരശേരി റോഡ്
പൂണിത്തുറ
എറണാകുളം
PIN 682038
Mobile 9847294497